(ഡി) ഇത് സംബന്ധിച്ച് വൈദ്യുത മന്ത്രിയും ചെറുകിട കേബിൾ ഓപ്പറേറ്റർമാരുടെ പ്രതിനിധികളും തമ്മിൽ സംഭാഷണം നടത്തിയിട്ടുണ്ടോ ;

(ഇ) മന്ത്രിയുമായി നടന്ന ഒത്തുതീർപ്പ് മറികടന്ന് റിലയൻസിന് കേബിൾ വലിക്കാൻ അനുവാദം നൽകിയതിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരം, എറണാകുളം നഗരങ്ങളിൽ റിലയൻസ് ജിയോ ഇൻഫോകോമിന് വൈദ്യുത പോസ്റ്റുകളിൽ കൂടി ഒപ്റ്റിക്കൽ ഫൈബർ കേബിൾ വലിക്കുന്നതിന് നിബന്ധനകളോടെ താൽക്കാലിക അനുമതി നൽകിയിട്ടുണ്ട്.

(ബി) 30-1-2015-ലെ ജി.ഒ. (എംഎസ്.) നമ്പർ 05/15/ഊ.വ. പ്രകാരം കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ വിതരണ പോസ്റ്റുകൾ മുഖേന ഏരിയൽ ഓപ്റ്റിക്കൽ ഫൈബർ കേബിൾ വലിക്കുന്നതിന് M/s റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡിന് നിർദ്ദിഷ്ട വ്യവസ്ഥകളോടെ അനുമതി നൽകാൻ കെ.എസ്.ഇ.ബി.എൽ.-ന് അനുവാദം നൽകിയിട്ടുണ്ട്. നഗരങ്ങളിലും പ്രാന്തപ്രദേശങ്ങളിലും പോസ്റ്റ് ഒന്നിന് പ്രതിവർഷ വാടക 360 രൂപയും ഗ്രാമപ്രദേശങ്ങളിൽ 180 രൂപയും നിരക്കിൽ 5 വർഷത്തേക്ക് തുക മുൻകൂറായി അടയ്ക്കണമെന്ന വ്യവസ്ഥയിൽ താൽക്കാലികമായി നോൺ എക്സ്ക്ലൂസീവ് അടിസ്ഥാനത്തിലാണ് അനുമതി നൽകിയിട്ടുള്ളത്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി&ഇ) ഇതുസംബന്ധിച്ച് ഔദ്യോഗികമായ ചർച്ചയൊന്നും നടത്തിയിട്ടില്ല.

മിഷൻ 676 - സംസ്ഥാനത്തെ സമ്പൂർണ്ണ വൈദ്യുതവൽക്കരണം

60 (406) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനം സമ്പൂർണ്ണ വൈദ്യുതവത്കരിക്കുവാൻ മിഷൻ 676 ഏതെല്ലാം പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത് എന്ന് വിശദമാക്കുമോ ;

(ബി) എത്ര പുതിയ സർവ്വീസ് വൈദ്യുതി കണക്ഷനുകളാണ് ഇതനുസരിച്ച് നൽകാൻ ലക്ഷ്യമിട്ടിട്ടുള്ളത് ; വിശദാംശങ്ങൾ നല്കുമോ ;

(സി) ഏതെല്ലാം കേന്ദ്ര പദ്ധതികളനുസരിച്ചാണ് ഈ ലക്ഷ്യം കൈവരിക്കാനുദ്ദേശിക്കുന്നത് എന്ന് വിശദമാക്കുമോ ;

(ഡി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങളാണ് സ്വീകരിച്ചിട്ടുള്ളത് എന്നതിന്റെ വിശദാംശങ്ങൾ നല്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉത്തരം അനുബന്ധമായി നൽകിയിരിക്കുന്നു.*

(ബി) മിഷൻ 676 പ്രകാരം 8.7 ലക്ഷം കണക്ഷനുകളാണ് നൽകാൻ ലക്ഷ്യമിട്ടിട്ടുളത്. ഇതിൽ ആദ്യത്തെ 100 ദിനത്തിൽ 1 ലക്ഷം കണക്ഷനും 101 മുതൽ 200 വരെ ദിവസങ്ങളിൽ 1,15,000 കണക്ഷനും 201 മുതൽ 300 വരെ ദിവസങ്ങളിൽ 1,30,000 കണക്ഷനും 301 മുതൽ 400 വരെ ദിവസങ്ങളിൽ 1,35,000 കണക്ഷനും 401 മുതൽ 500 വരെ ദിവസങ്ങളിൽ 1,30,000 കണക്ഷനും 501 മുതൽ 600 വരെ ദിവസങ്ങളിൽ 1,31,000 കണക്ഷനും 601 മുതൽ 676 വരെ ദിവസങ്ങളിൽ 1,29,000 കണക്ഷനും നൽകുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിൽ ആദ്യത്തെ 100 ദിനത്തിൽ 1,09,806 കണക്ഷനും 101 മുതൽ 200 വരെ ദിവസങ്ങളിൽ 1,03,899 കണക്ഷനും 201 മുതൽ 31-1-2015 വരെ (282-ാം ദിവസം) 1,27,407 കണക്ഷനും ഉൾപ്പെടെ ആകെ 3,41,112 കണക്ഷനുകൾ നൽകിയിട്ടുണ്ട്.

(സി&ഡി) രാജീവ് ഗാന്ധി ഗ്രാമീൺ വൈദ്യുതീകരൺ യോജന (ആർ.ജി.ജി.വി.വൈ.) എന്ന കേന്ദ്ര പദ്ധതി പ്രകാരം 1-8-2014-നകം. കാസർഗോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട്, മലപ്പുറം ജില്ലകളിൽ സമ്പൂർണ്ണ വൈദ്യുതീകരണം പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. കൂടാതെ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളുടെ സമ്പൂർണ്ണ വൈദ്യുതീകരണം 30-9-2014-നകവും പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. ഈ കേന്ദ്ര പദ്ധതി പ്രകാരം കാസർഗോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട്, മലപ്പുറം ജില്ലകളിൽ രാജീവ്ഗാന്ധി വൈദ്യുതീകരണ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ വൈദ്യുത കണക്ഷനുകളും നൽകിയിട്ടുണ്ട്. മലബാറിലെ രാജീവ്ഗാന്ധി വൈദ്യുതീകരണ പദ്ധതിയുടെ പൂർത്തീകരണവും സമ്പൂർണ്ണ വൈദ്യുതീകരണ പ്രഖ്യാപനവും 26-7-2014-ൽ കോഴിക്കോട് ജില്ലയിലെ കുടരഞ്ഞിയിൽ ബഹുമാനപ്പെട്ട ഊർജ്ജ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽവച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവ്വഹിക്കുകയുണ്ടായി. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട് ജില്ലകളിൽ വൈദ്യുതീകരണം പൂർത്തീകരിച്ച 18 ഫെബ്രുവരി 2015 വരെയുള്ള മിഷൻ 676-ന്റെ പുരോഗതിയും മറ്റും വിശദാംശങ്ങൾ അനുബന്ധം (ബി)-ൽ ഉണ്ട്.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.